കാളിഫൈ ചെയ്യാതിരിക്കുന്നത് അവസാനിപ്പിക്കുന്നതിന് അടിയന്തിര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സിൽക്കിന് 7/91-ൽ 110 കെ.വി.ഡി.3, ഡി 30, ഡി 60, തുടങ്ങിയ ടൈപ്പ് ടവറുകളും, അനുബന്ധ സാമഗ്രികളും നിർമ്മിച്ചു സപ്ലൈ ചെയ്യുവാൻ ഓർഡർ കൊടുത്തിരിക്കുന്നു. ഓർഡർ തൃപ്തികരമായി പൂർത്തിയാക്കിയില്ല. കൂടാതെ 12/98-ൽ 66 കെ.വി. ഡബിൾ സർക്യൂട്ട് ടവറുകൾ ഫാബ്രിക്കേറ്റ് ചെയ്ത് ഗാൽവനൈസ് ചെയ്ത് സപ്ലൈ ചെയ്യുന്നതിന് കേരളാ ഗവൺമെന്റ് കമ്പനികൾക്കുള്ള 10% പ്രൈസ് പ്രീഫറൻസ് നൽകി ഓർഡർ കൊടുത്തു. എന്നാൽ പ്രസ്തുത ഓർഡറിന്റെ എഗ്രിമെന്റ് ഒപ്പിടാൻ കൂട്ടാക്കാതെ മറ്റുള്ള ഉല്പാദകരിൽ നിന്ന് എക്സൈസ് ഡ്യൂട്ടിയും സെയിൽസ് ടാക്സും കൂട്ടി വാങ്ങി പ്രസ്തുത വിലയ്ക്ക് സിൽക്കിനെ ഒരു ഏജന്റ് എന്ന നിലയിൽ കണ്ട് കൊടുക്കണമെന്ന് അഭ്യർത്ഥിച്ചു. ആയതിനാൽ സിൽക്ക് ഉല്പാദകരല്ല, പ്രൈസ് പ്രിഫറൻസിനും അർഹരല്ല. ആയതിനാൽ പ്രസ്തുത ഓർഡർ റദ്ദു ചെയ്യേണ്ടതായി വന്നു. 110 കെ.വി. യാർഡ് സ്ട്രക്ചറിനുള്ള ടെണ്ടർ പ്രകാരം യാർഡ് സ്ട്രക്ചർ നിർമ്മിച്ചു വിതരണം ചെയ്യുന്ന കമ്പനികൾക്കു മാത്രമേ പ്രീ കാളിഫിക്കേഷന് അർഹതയുള്ളൂ. ആയതിനാലാണ് സിൽക്കിന്റെ 110 കെ.വി. യാർഡ് സ്ട്രക്ചർ സപ്ലൈ ചെയ്യുന്നതിന് പ്രീ കാളിഫൈ ചെയ്യാതിരുന്നത്.

(സി) ഏറ്റെടുത്ത് പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) മലമ്പുഴ പ്രോജക്ട് പ്രവർത്തനക്ഷമമായി ഏകദേശം 6000 യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചു. ടർബയിനിൽ ചില സാങ്കേതിക തകരാറുകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ തൽക്കാലം ഉല്പാദനം നിർത്തി. തകരാറുകൾ തീർക്കുവാനുള്ള പണി ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. ചിമ്മിനി പ്രോജക്ടിന്റെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അതിനുശേഷമേ പണികൾ തുടങ്ങാൻ സാദ്ധ്യമാകൂ.

(ഇ) ടെണ്ടർ വ്യവസ്ഥകൾ മുഴുവനായും പാലിക്കുന്ന കമ്പനികളെയാണ് പ്രീകാളിഫൈ ചെയ്യുന്നത്.

(1945) ഇലക്ട്രിക് പോസ്റ്റിലൂടെ കേബിൾ വലിക്കാൻ അനുമതി

ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിന്റെ പോസ്റ്റുകളിൽക്കൂടി കേബിൾ വലിക്കുവാൻ കേബിൾ ടി.വി. ഓപ്പറേറ്റർമാരെ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം കേബിൾ ടി.വി. കമ്പനികൾ ഇപ്രകാരം കേബിൾ വലിച്ചിട്ടുണ്ട്;

(സി) ഓരോ വർഷവും വൈദ്യുതി ബോർഡിന് ഇതിൽനിന്നും എന്തു വരുമാനം ലഭിക്കുന്നുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കമ്പനികളും, വൈദ്യുതി ബോർഡും തമ്മിൽ ഒപ്പിട്ടിട്ടുള്ള ഒരു ഉടമ്പടിയുടെ അടിസ്ഥാനത്തിലാണ് അനുവാദം നൽകിയിട്ടുള്ളത്.

(ബി)

1.	സുപ്രീം കേബിൾ നെറ്റ്വർക്ക്	- കരുനാഗപ്പള്ളി
2.	ഡി.ബി. കേബിൾസ്	- കളമശ്ശേരി
3.	എം. മുഹമ്മദ് ബഷീർ	- വർക്കല
4.	ഗ്ലോബൽ കേബിൾ ലിങ്ക്	- കൊല്ലം
5.	വലയിൽ വിഷൻ	- കൊല്ലം
6.	സ്കൈലൈൻസാറ്റ് വിഷൻ	- കോട്ടയം
7.	അഞ്ജലി ഓറിയോൺ ഗ്രൂപ്പ്	- കോട്ടപ്പുറം
8.	ബ്ലൂബേർഡ് കേബിൾ നെറ്റ്വർക്ക്	- കൊല്ലം
9.	ഏഷ്യാനെറ്റ് കേബിൾ നെറ്റ്വർക്ക്	- കുണ്ടറ
10.	സൺവിഷൻ കേബിൾ നെറ്റ്വർക്ക്	- കുണ്ടറ
11.	സി. സൈൻകേബിൾ നെറ്റ്വർക്ക്	- പത്തനംതിട്ട

ഏകദേശം 3.5 ലക്ഷം രൂപയോളം 1998-99 കാലയളവിൽ ലഭിച്ചിട്ടുണ്ട്.

(1946) കാർബൊറാണ്ടം യൂണിവേഴ്സൽ കമ്പനി

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയാർ കാർബൊറാണ്ടം യൂണിവേഴ്സൽ കമ്പനിക്ക് വൈദ്യുതി ഉല്പാദനം നടത്തുന്നതിന് എത്ര സമയമാണ് അനുവദിച്ചിരിക്കുന്നത്;

(ബി) വൈദ്യുതി ഉല്പാദനവുമായി ബന്ധപ്പെട്ട് വൈദ്യുതി ബോർഡും കാർബൊറാണ്ടം കമ്പനിയും തമ്മിൽ ഉണ്ടാക്കിയിരിക്കുന്ന ഉടമ്പടിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കരാർ ലംഘനം നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കമ്പനിക്ക് വൈദ്യുതി ഉല്പാദിപ്പിക്കാൻ നൽകിയിരിക്കുന്ന അനുമതി റദ്ദാക്കുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) 30 വർഷം.

(ബി) ഔദ്യോഗിക രഹസ്യരേഖയായതിനാൽ വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(സി) കരാർ ലംഘനം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(1947) പുതിയ തസ്തികകൾ

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly